ഭരണഭാഷ മാതൃഭാഷ

XA5/33381/2014

എക്സൈസ് കമ്മീഷണറുടെ
കാര്യാലയം,തിരുവനന്തപുരം
പിൻകോഡ് 695 033
ഫോൺ. 0471 2322825
തീയതി. 16.03.2018

# സർക്കുലർ

വിഷയം-അബ്കാരി കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്ന വേളയിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

അബ്കാരി കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ നിലവിൽ അബ്കാരി ആക്ട് 67B പ്രകാരം സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്ന വേളയിൽ ആതറൈസ്ഡ് ഓഫീസർമാരായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ പുറപ്പെടുവിക്കുന്ന കണ്ടുകെട്ടൽ ഉത്തരവുകളിൽ ആയതിനാധാരമായ കണ്ടെത്തലുകൾ വിശദമായി പരാമർശിക്കുന്നില്ലെന്നും ഇക്കാരണത്താൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലെത്തുന്ന കേസുകളിൽ വാഹന ഉടമയ്ക്ക് അനുകൂലമായ വിധിയുണ്ടാകുന്നതായും അഡ്വക്കേറ്റ് ജനറൽ അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ അബ്കാരി കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടി ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ആതറൈസ്ഡ് ഓഫീസർമാരായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അബ്കാരി ആക്ട് 67B പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ കണ്ടുകെട്ടലിന് ആധാരമായ തങ്ങളുടെ നിഗമനങ്ങൾ വിശദമായി പ്രതിപാദിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തിയാൽ ആയത് ഗൗരവമായി കാണുന്നതാണ്.

വിശ്വസ്തതയോടെ

എക്സൈസ് കമ്മീഷണർ

ഗ്രാഹകൻ

അഡീഷണൽ എക്സൈസ് കമ്മീഷണർ,(എൻഫോഴ്സ്മെന്റ്)/(അഡ്മിനിസ്ട്രേഷൻ).
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)